കേരള സാഹിത്യ അക്കാദമി

പത്രക്കുറിപ്പ് 09.01.2012

# ഓർമ്മയെഴുത്തിന്റെ പേരിൽ എഴുത്തുകാർ കളവെഴുതുന്നു: പുനത്തിൽ കുഞ്ഞബ്ദുള്ള

തൃശൂർ: ഓർമ്മയെഴുത്തിന്റെ പേരിൽ മിക്കവാറും എഴുത്തുകാർ കളവാണ് എഴുതുന്നതെന്ന് പുനത്തിൽ കുഞ്ഞബ്ദുള്ള പറഞ്ഞു. സമൂഹം, കുടുംബം, ഭാര്യ, കുട്ടികൾ, പാർട്ടി-ഇതെല്ലാം ഭയപ്പെട്ടാണ് അനുഭവമെഴുത്തിന്റെ പേരിൽ എഴുത്തുകാർ കള്ളമെഴുതുന്നത്. യഥാർത്ഥ അനുഭവമെഴുത്തും ഓർമ്മയെഴുത്തുമെല്ലാം മലയാളത്തിൽ അത്യപൂർവ്വമായേ ഉണ്ടായിട്ടുള്ളൂ. വി.ടി.ഭട്ടതിരിപ്പാടിന്റെ കണ്ണീരും കിനാവും പോലെ വളരെ കുറച്ചുമാത്രം. എഴുത്തുകാരൻ തന്റെ യഥാർത്ഥവില മനസ്സിലാക്കാതെയും ആർജ്ജവമില്ലാതെയുമാണ് കള്ളമെഴുതുന്നതെന്നും അദ്ദേഹം പറഞ്ഞു.

കേരള സാഹിത്യ അക്കാദമി ദേശീയപുസ്തകോൽസവത്തിന്റെയും അക്ഷരപ്പെരുമ സാംസ്കാരികോത്സവത്തിന്റെയും ഭാഗമായി നടത്തിയ വായനാനുഭവം, ഓർമ്മയെഴുത്ത് സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. എഴുത്തുകാർക്ക് മറ്റ് എഴുത്തുകാരിൽനിന്ന് കാര്യമായൊന്നും പഠിക്കാനില്ല. സുഹൃത്തുക്കളായ ചുമട്ടുതൊഴിലാളികൾ, കെട്ടിടനിർമ്മാണത്തൊഴിലാളികൾ, ബോട്ടുകളിലും മറ്റും പണിയെടുക്കുന്നവർ എന്നിവരിൽനിന്നാണ് എഴുതാനുള്ള പലതും തനിക്ക് കിട്ടുന്നതെന്നും പുനത്തിൽ പറഞ്ഞു.

സിദ്ധാന്തങ്ങളുടെ പേരിൽ എഴുതുന്നതും സിദ്ധാന്തങ്ങൾ അടിസ്ഥാനപ്പെടുത്തി വായിക്കുന്നതും നന്നല്ലെന്ന് മുഖ്യപ്രഭാഷണത്തിൽ പ്രൊഫ. കെ.പി.ശങ്കരൻ അഭിപ്രായപ്പെട്ടു. കേരള സാഹിത്യ അക്കാദമിസെക്രട്ടറി ആർ.ഗോപാലകൃഷ്ണൻ മോഡറേറ്ററായിരുന്നു. കരൂർ ശശി, പി.കെ.പാറക്കടവ്, ടി.എൻ.പ്രകാശ്, കെ.രഘുനാഥൻ, സാഹിത്യ അക്കാദമി വൈസ് പ്രസിഡന്റ് ബാലചന്ദ്രൻ വടക്കേടത്ത് എന്നിവരും സംസാരിച്ചു.

വൈകീട്ട് മുരളി നാരായണൻ അവതരിപ്പിച്ച സംഗീതസന്ധ്യ സാന്ദ്രലയം ഉണ്ടായിരുന്നു.

**ആർ. ഗോപാലകൃഷ്ണൻ**
സെക്രട്ടറി







അടിക്കുറിപ്പ്

ദേശീയ പുസ്തകോത്സവത്തിൽ 'വായനാനുഭവം, ഓർമ്മയെഴുത്ത്' സെമിനാർ പുനത്തിൽ കുഞ്ഞബ്ദുള്ള ഉദ്ഘാടനം ചെയ്യുന്നു. ആർ.ഗോപാലകൃഷ്ണൻ, കരൂർ ശശി, ബാലചന്ദ്രൻ വടക്കേടത്ത്, കെ.പി. ശങ്കരൻ, പി.കെ. പാറക്കടവ്, ടി.എൻ. പ്രകാശ്, കെ. രഘുനാഥൻ എന്നിവർ സമീപം.